## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2717

06.02.2018-ലെ മറുപടി

# കേരള വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജെയിംസ് മാത്യു** | | **മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | കേരള വാട്ടർ അതോറിറ്റിയിൽ കിഫ്ബി, അമൃത് പദ്ധതി എന്നിവയുടെ നടത്തിപ്പിന്റെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയർമാരെയും മറ്റ് ജീവനക്കാരെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | കേരള വാട്ടർ അതോറിറ്റിയിൽ കിഫ്ബി. അമൃത് പദ്ധതി എന്നിവയുടെ നടത്തിപ്പിന്റെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ തീരുമാനിച്ചിട്ടില്ല. നിലവിൽ അമൃത് പദ്ധതിയുടെ സമയബന്ധിതവും കാര്യക്ഷമവുമായ നടത്തിപ്പിന് ആവശ്യമായ ഫീൽഡ് സ്റ്റാഫിന്റെ കുറവ് പരിഗണിച്ച് പ്രോജക്റ്റിന്റെ കാലാവധി സമയത്തേക്ക് മാത്രമായി പ്രോജക്റ്റ് എഞ്ചിനീയർ (23 എണ്ണം), പ്രോജക്റ്റ് സൂപ്പർവൈസർ (47 എണ്ണം) എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ അമൃതിന്റെ ഉന്നതാധികാര സമിതിയായ സ്റ്റേറ്റ് ഹൈ പവർ സ്റ്റീറിംഗ് കമ്മിറ്റി (SHPSC) കേരള ജല അതോറിറ്റിക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രവർത്തനം അവസാനിച്ച കഴിഞ്ഞ ജിക്ക, ജൻറം, യുഡിസ്മാറ്റ് എന്നീ പ്രോജക്ടുകളിലുണ്ടായിരുന്ന എഞ്ചിനീയർമാരെയും ഹെഡ് ഓഫീസിലുള്ള എഞ്ചിനീയർമാരെയും പുനർവിന്യസിച്ച് മേൽപ്പറഞ്ഞ പ്രോജക്ടുകൾക്ക് ആവശ്യമായ എഞ്ചിനീയർമാരെ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | ജൻറം, യുഡിസ്മാറ്റ് പദ്ധതികളിലുണ്ടായിരുന്ന എഞ്ചിനീയർമാരെ കഴിയുന്നത്ര പുനർവിന്യസിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പൂർണ്ണമായും അവസാനിച്ച കഴിഞ്ഞിട്ടില്ല. |
| (സി) | അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; | (സി) | നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും 114 പേരെ നേരിട്ടും, 12 പേരെ ഡിപ്പാർട്ട്മെന്റ് ഇൻ-സർവ്വീസ് ക്വാട്ട വഴിയും നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് സർക്കാരിന്റെ തൊഴിൽ നയത്തിന് അനുസൃതമായാണോ; | (ഡി) | കേരള ജല അതോറിറ്റിയുടെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുവാൻ തീരുമാനിച്ചിട്ടില്ല. |
| (ഇ) | അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്താനുള്ള തീരുമാനം പുനഃപരിശോധിക്കുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ